"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തരവകുപ്പ് - പോലീസ് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 420/2025 മേലുള്ള വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2380/2025/HOME തീയതി, തിരുവനന്തപുരം, 16-07-2025

---

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. - 420/2025 ൽ 06/03/2025 തീയതിയിലെ ഉത്തരവ്
2. ശ്രീമതി സുസ്മി സേവ്യർ, പോലീസ് കോൺസ്റ്റബിൾ നം. 204, കേരള സായുധ വനിതാ പോലീസ് ബറ്റാലിയൻ, തിരുവനന്തപുരം തുടങ്ങിയവർ 19/02/2025 ൽ സമർപ്പിച്ച നിവേദനം
3. സംസ്ഥാനപോലീസ് മേധാവിയുടെ 05/04/2025 തീയതിയിലെ എൽ2-46271/2025/പി.എച്ച്.ക്യൂ നമ്പർ കത്ത്

**ഉത്തരവ്**

കേരള സായുധ വനിതാ പോലീസ് ബറ്റാലിയനിലെ വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ സീനിയോറിറ്റി തർക്കം പരിഹരിക്കുന്നതിനായി ശ്രീമതി സുസ്മി സേവ്യർ, പോലീസ് കോൺസ്റ്റബിൾ നം. 204, കേരള സായുധ വനിതാ പോലീസ് ബറ്റാലിയൻ, തിരുവനന്തപുരം മുതൽപേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ. 420/2025 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 06/03/2025 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം വിധിപ്പകർപ്പ് ലഭ്യമാകുന്ന മുറയ്ക്ക് മൂന്ന് മാസത്തിനകം കേസിലെ 1-ാം എതിർകക്ഷിയായ ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അപേക്ഷകരെ നേരിൽ കേട്ടതിനുശേഷം തീരുമാനമെടുക്കേണ്ടതാണ്.

2) പരാമർശം (1) ലെ ഉത്തരവ് പ്രകാരം ടി കേസിലെ പരാതികക്ഷികളേയും സംസ്ഥാന പോലീസ് മേധാവി, കേരള സായുധ വനിതാ പോലീസ് ബറ്റാലിയൻ പ്രതിനിധികൾ എന്നിവരെയും 03/04/2025 തീയതിയിൽ സർക്കാർ പ്രതിനിധി നേരിൽ കേൾക്കുകയുണ്ടായി.

3) കേരള പോലീസിൽ വനിതകളുടെ പ്രാതിനിധ്യം ഉയർത്തുക എന്ന ലക്ഷ്യത്തോടെ 30/01/2017 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം. 15/2017/ആഭ്യന്തരം പ്രകാരം 2017 മുതൽ കേരള സായുധ വനിതാ പോലീസ് ബറ്റാലിയൻ തിരുവനന്തപുരം ജില്ലയിലെ മേനംകുളത്ത്

പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ടി ഉത്തരവിനാൽ 380 വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികകളും 20 ഹവിൽദാർ തസ്തികകളും സൃഷ്ടിച്ചിട്ടുള്ളതാണ്. തുടർന്ന് 24.07.2020 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ) നം. 1675/2020/ആഭ്യന്തരം പ്രകാരം, വനിതാ ബറ്റാലിയന് പൂർണ്ണമായ അംഗബലം ലഭിക്കുന്നതിനായി വിവിധ ബറ്റാലിയനുകളിലായി വനിതകൾക്കായി സൃഷ്ടിച്ച 350 തസ്തികകൾ കൂടി വനിതാ ബറ്റാലിയനിലേക്ക് ഷിഫ്റ്റ് ചെയ്യുകയും വനിതാ ബറ്റാലിയന്റെ അംഗബലം 730 (380+350) ആയി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

4) 2017 ൽ കേരള സായുധ വനിതാ പോലീസ് ബറ്റാലിയനിൽ 380 വനിതാ പോലീസ് കോൺസ്റ്റബിൾ അംഗീകൃത തസ്തികകൾ മാത്രം ഉണ്ടായിരുന്നപ്പോൾ, 04.03.2017 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 520/2017/ആഭ്യന്തരം പ്രകാരം നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ടി പോസ്റ്റിലേക്ക് വനിതാ പി സി മാരുടെ നിയമനം നടത്താനും, നിലവിലുള്ള പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും ഓരോ പോലീസ് ജില്ലയിൽ നിന്നും 20 പേർ എന്ന ക്രമത്തിൽ റിക്രൂട്ട്മെന്റ് നടത്താനും സർക്കാർ നിർദേശിച്ചു.

5) 05.06.2017 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 1484/2017/ആഭ്യന്തരം പ്രകാരം, വിവിധ ബറ്റാലിയനുകളിലായി നിലവിൽ ഉണ്ടായിരുന്ന വനിതാ കോൺസ്റ്റബിൾ ഒഴിവുകളിലേക്ക് (384 എണ്ണം) കൂടി, വനിതാ പോലീസ് ബറ്റാലിയൻ മുഖേന അതത് ബറ്റാലിയനിലേക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുവാനും ഇവരെ അഡ്വൈസ്/റാങ്ക് ലിസ്റ്റ് സീനിയോറിറ്റി ക്രമത്തിൽ ബറ്റാലിയനുകളിൽ, ജില്ലകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് വനിതാ പോലീസ് ബറ്റാലിയനിൽ നിന്നും മാറ്റുന്നതിനും ഉള്ള അനുമതി നൽകിയും ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം പോലീസ് വകുപ്പിൽ വനിതാ സിവിൽ പോലീസ് ഓഫീസറുടെ തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് വനിതാ പോലീസ് ബറ്റാലിയൻ വഴി മാത്രം നടത്തുന്നതിനും ജില്ലകളിൽ ഉണ്ടാകുന്ന പ്രസ്തുത തസ്തികകളിലെ ഒഴിവുകളിലേക്ക് ടി ബറ്റാലിയനിൽ നിന്നും അഡ്വൈസ്/റാങ്ക് ലിസ്റ്റ് സീനിയോറിറ്റി ക്രമത്തിൽ വനിതാ സേനാംഗങ്ങളെ ട്രാൻസ്ഫർ ചെയ്യുന്നതിനുമുള്ള അനുമതിയും സർക്കാർ ലഭ്യമാക്കിയിരുന്നു.

6) 28.07.2017 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 1965/2017/ ആഭ്യന്തരം പ്രകാരം, വനിതാ ബറ്റാലിയൻ രൂപീകരിക്കുന്നതിനു മുൻപ് തന്നെ വിവിധ ബറ്റാലിയനുകളിലേക്കായി അഡ്വൈസ് ലഭിച്ച 68 വനിതാ പി സി മാരും വനിതാ ബറ്റാലിയന്റെ ഭാഗമായിരിക്കും എന്ന് ഉത്തരവാകുകയുണ്ടായി. 08.09.2017 തീയതിയിൽ പോലീസ് ആസ്ഥാനത്തെ 15/2017 നമ്പർ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം വനിതാ ബറ്റാലിയന്റെ പ്രവർത്തനം സംബന്ധിച്ച് താഴെപറയും പ്രകാരം നിർദ്ദേശങ്ങൾ പോലീസ് ആസ്ഥാനത്ത്

നിന്നും ലഭ്യമാക്കിയിരുന്നു.

"A Woman Police Constable in the Women Police Battalion can opt for permanent absorption in the Battalion cadre. She can also continue in the Women Police Battalion and can get promotion as Havildar in accordance with the seniority in the Feeder Battalion to which they were ought to be advised" എന്ന് അനുവാദം നല്കിയിരുന്നു.

7) അപ്രകാരം വുമൺ പോലീസ് ബറ്റാലിയനിൽ തുടരാൻ ഓപ്ഷൻ നല്കിയ പരാതി കക്ഷികൾക്ക് അവരുടെ ഫീഡർ ബറ്റാലിയനിൽ വരുന്ന ഹവിൽദാർ വേക്കൻസിയിൽ മാത്രമേ പ്രമോഷൻ നല്കാനാവൂ എന്നും അവരുടെ ലീൻ മാതൃബറ്റാലിയനിൽ ആയതിനാൽ അവർക്ക് ശേഷം 2020-ൽ വനിതാ ബറ്റാലിയൻ അഡ്വൈസ് ലഭിച്ച് എത്തിയ ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി ലിസ്റ്റ് തർക്കരഹിതമായി തയ്യാറാക്കാൻ സഹായകമായ നിർദ്ദേശം സർക്കാർ നല്കണമെന്നാണ് സംസ്ഥാന പോലീസ് മേധാവിയുടെ പ്രതിനിധികൾ ഹിയറിംഗിൽ ആവശ്യപ്പെട്ടത്.

8) മേൽ പ്രസ്താവിച്ച പ്രകാരം മാതൃബറ്റാലിയനുകളിലേയ്ക്ക് തിരിച്ചുപോയാൽ തങ്ങളുടെ കൂടെ അഡ്വൈസ് ലഭിച്ച് വനിതാ ബറ്റാലിയനിൽ ജോലിയിൽ പ്രവേശിച്ചശേഷം മാതൃബറ്റാലിയൻ/ കെ.സി.പി.യിലേയ്ക്ക് പോയവരേക്കാൾ ജൂനിയർ ആയി മാത്രമേ പ്രമോഷൻ ലഭിക്കുകയുള്ളൂ എന്നും ആയത് തങ്ങളുടെ അഡ്വൈസ് സീനിയോറിറ്റി ഫലത്തിൽ നഷ്ടപ്പെടാനിടവരുത്തുമെന്നും ആയത് ഒഴിവാക്കുന്നതിനായി റൂൾ 29(A) KS&SSR പ്രകാരം ആജീവനാന്തം വനിതാ ബറ്റാലിയനിൽ തുടരാനും ആയതിലെ 20 ഹവിൽദാർ പോസ്റ്റുകളിലേയ്ക്ക് വേക്കൻസി വരുന്ന മുറയ്ക്ക് തങ്ങൾക്ക് പ്രമോഷൻ നല്കണമെന്നുമാണ് പരാതിക്കാരുടെ ആവശ്യം.

9) വിവിധ ബറ്റാലിയനുകളിലേയ്ക്കുള്ള റാങ്ക് പട്ടികയിൽ നിന്നും അഡ്വൈസ് ചെയ്യപ്പെട്ട വനിതാ ബറ്റാലിയനിലെ കോൺസ്റ്റബിൾമാരുൾപ്പെടെയുള്ളവരുടെ ലീൻ പ്രസ്തുത ബറ്റാലിയനിൽ നിലനിൽക്കുന്നതിനാൽ, സീനിയോറിറ്റി ചട്ടപ്രകാരമുള്ള ക്രമത്തിൽ വിവിധ ബറ്റാലിയൻ തിരിച്ച ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട ബറ്റാലിയനുകളിൽ അയക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ അതത് ബറ്റാലിയന്റെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ ഈ സേനാംഗങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

10) സംസ്ഥാന പോലീസ് മേധാവിയുടെ 08.09.2017 തീയതിയിലെ 15/2017 നമ്പർ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം, പരിശീലനം പൂർത്തിയാക്കി വരുന്ന പോലീസ് കോൺസ്റ്റബിൾമാർ അവരെ അഡ്വൈസ് ചെയ്യപ്പെട്ട ബറ്റാലിയൻ സേന വിഭാഗത്തിൽ തുടരുന്നതിനോ ഈ ട്രാൻസ്ഫർ പ്രകാരം സിവിൽ പോലീസ് സേന വിഭാഗത്തിൽ

നിയമനത്തിനോ ഓപ്ഷൻ നൽകുകയും ഈ ഓപ്ഷൻ കണക്കാക്കി ബറ്റാലിയൻ കേഡറിൽ തുടരുന്നതിന്/നിയമനത്തിന് ഉള്ള സംയോജിത പട്ടിക അതതു ബറ്റാലിയൻ കമാണ്ടന്റ്മാർ സായുധ സേന ആസ്ഥാനത്തെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രസിദ്ധീകരിക്കുകയും, ഫീഡർ ബറ്റാലിയനിൽ നിന്നും ബന്ധപ്പെട്ട ജില്ല opt ചെയ്യുന്നവരെ ഒഴിവിനാനുപാതികമായി പ്രസ്തുത ജില്ലയിൽ ജൂനിയർ മോസ്റ്റ് സി പി ഒ ആയി നിയമിക്കുകയും, ബറ്റാലിയൻ വില്ലിംഗ് ആയ വനിതാ പോലീസ് കോൺസ്റ്റബിൾമാരെ വനിതാ പോലീസ് ബറ്റാലിയനിൽ നിലനിർത്തുകയും അവരെ ഹവിൽദാർ പ്രൊമോഷൻ ആകുന്ന മുറയ്ക്ക് ലീൻ നിലനിൽക്കുന്ന ബറ്റാലിയനിലേക്ക് ട്രാൻസ്ഫർ ചെയ്തു വരുകയും ചെയ്യുന്നു.

11) മേൽ ഖണ്ഡികകളിൽ വിശദീകരിച്ച പ്രകാരം, 2017 ൽ 605 പേർ, 2018 ൽ 146 പേർ, 2020 ൽ 21 പേർ എന്ന ക്രമത്തിൽ ഉദ്യോഗാർത്ഥികൾക്ക് മറ്റു ബറ്റാലിയനുകളിലെ റാങ്ക് ലിസ്റ്റിൽ നിന്നും വനിതാ ബറ്റാലിയൻ മുഖേന നിയമനം നൽകുക ഉണ്ടായി. അത്തരത്തിൽ നിയമനം ലഭിച്ച സേനാഗംങ്ങളിൽ KCP ട്രാൻസ്പർ/ഹവിൽദാർ പ്രൊമോഷൻ/ഡിപ്പാർട്ട്മെന്റ് വിട്ടു പോകൽ എന്നിവയ്ക്ക് ശേഷം 67 ബറ്റാലിയൻ വില്ലിംഗ് സേനാംഗങ്ങളാണ് നിലവിൽ വനിതാ ബറ്റാലിയനിൽ ശേഷിക്കുന്നത്. ടി സേനാംഗങ്ങൾ വനിതാ ബറ്റാലിയനിലേക്ക് ലീൻ ഷിഫ്റ്റ് ചെയ്യുന്നതിനും വനിതാ ബറ്റാലിയനിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും വനിതാ ബറ്റാലിയനിൽ നിലവിലുള്ള 20 ഹവിൽദാർ പോസ്റ്റിലേക്ക് പ്രൊമോഷൻ ലഭിക്കുന്നതിനുമായാണ് നിലവിൽ ഒ.എ. ഫയൽ ചെയ്തിരിക്കുന്നത്.

12) 30.01.2017 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം.15/2017/ആഭ്യന്തരം പ്രകാരം വനിതാ ബറ്റാലിയനിൽ 20 ഹവിൽദാർ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഈ ഹവിൽദാർ ഒഴിവുകളിൽ നിലവിൽ മറ്റു ബറ്റാലിയനുകളിലെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പ്രൊമോഷൻ ലഭിച്ച സേനാംഗങ്ങളെയാണ് സായുധ സേന ആസ്ഥാനത്തെ ഉത്തരവുകൾ പ്രകാരം ട്രാൻസ്ഫർ ആൻഡ് പോസ്റ്റിംഗ് ചെയ്തിട്ടുള്ളത്. നിലവിൽ അപ്രകാരം 19 ഹവിൽദാർമാർ വനിതാ ബറ്റാലിയനിൽ പ്രവൃത്തിയെടുക്കുന്നു. അതിൽ വനിതാ ബറ്റാലിയൻ മുഖാന്തിരം നിയമനം ലഭിച്ച സേനാംഗങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

13) മേൽ പറഞ്ഞ കാരണങ്ങളാൽ തന്നെ, 2021 മുതൽ വിവിധ ഘട്ടങ്ങളിലായി വനിതാ ബറ്റാലിയന് വേണ്ടി സംസ്ഥാന അടിസ്ഥാനത്തിൽ റിക്രൂട്ട് ചെയ്യപ്പെട്ട സേനാംഗങ്ങൾക്ക്, നിലവിൽ അവർ 2023 ൽ ഹവിൽദാർ പ്രൊമോഷൻ ടെസ്റ്റ് പാസ് ആയിട്ട് പോലും ടി സേനാംഗങ്ങളെ ഉൾപ്പെടുത്തി സിനീയോറിറ്റി ലിസ്റ്റ് പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ നിലവിലുള്ള അംഗീകൃത ഹവിൽദാർ തസ്തികകളിലേക്ക് വനിതാ ബറ്റാലിയന്റെ

ലീനിലുള്ള സേനാംഗങ്ങൾക്ക് പ്രൊമോഷൻ നൽകാനും നാളിതുവരെയും കഴിഞ്ഞിട്ടില്ലാത്തതുമാണ്.

14) കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസസ് (ആംഡ് പോലീസ് ബറ്റാലിയനുകൾ) സ്പെഷ്യൽ റൂളുകളുമായി ബന്ധപ്പെട്ട എസ്.ആർ.ഒ. നമ്പർ 69/84 (ജി.ഒ.(പി) നം. 6/84/ആഭ്യന്തരം തീയതി 18/01/1984) ലെ ചട്ടം 3 (a) (3) (1) പ്രകാരം ഹവിൽദാർമാരെ നിയമിക്കുന്ന രീതി അതത് ബറ്റാലിയനുകളിൽ പോലീസ് കോൺസ്റ്റബിളിനെ സ്ഥാനക്കയറ്റം നല്കിയാണ്. എസ്.എ.പി. ബറ്റാലിയൻ, കെ.എ.പി. 3 ബറ്റാലിയൻ, കെ.എ.പി. 5 ബറ്റാലിയൻ എന്നിവിടങ്ങളിലെ ഒഴിവുകളിലേയ്ക്ക് അപേക്ഷകരെ നിയമിയ്ക്കുകയും ബന്ധപ്പെട്ട ബറ്റാലിയനുകളുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ബറ്റാലിയനുകളിൽ അവർക്ക് യഥാസമയം ഹവിൽദാർ കേഡറിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കും. കേരള സായുധ വനിതാ ബറ്റാലിയനിലെ ഒഴിവുകളിലേയ്ക്ക് അപേക്ഷകർക്ക് നിയമന ശിപാർശ നല്കിയിട്ടുള്ളതല്ല.

15) വിവിധ ബറ്റാലിയനുകളിൽ നിയമന ശിപാർശ ലഭിക്കുകയും ബറ്റാലിയൻ ഓപ്ഷൻ നൽകി വനിതാ ബറ്റാലിയനിൽ തുടരുകയും ചെയ്യുന്നവരുടെ സീനിയോറിറ്റി നിലവിലുള്ള ചട്ടങ്ങൾ പ്രകാരം മാതൃബറ്റാലിയനിൽ നിലനില്ക്കുന്നതാണ്. മേൽ സാഹചര്യത്തിൽ, പരാമർശം (2) അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

16) മേൽ പ്രസ്താവിച്ച രീതിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) ലെ ഉത്തരവ് നടപ്പിലാക്കിയിരിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ബന്ധപ്പെട്ട വ്യക്തികൾക്ക് (സംസ്ഥാന പോലീസ് മേധാവി മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) & ഓഡിറ്റ്, കേരള , തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് (06/05/2025 തീയതിയിലെ ADV-A1/90/2025-P&ARD നമ്പർ അഭിപ്രായക്കുറിപ്പ് മുഖേന)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sini George
Date: 16-07-2025 14:52:12
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്